പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4091 — 12.12.2018 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം

**ചോദ്യം**
ശ്രീ.മുരളി പെരുനെല്ലി

**ഉത്തരം**
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു.ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി, ബഹു.കൃഷി വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 2018 ജൂലൈ മാസത്തിൽ നടന്ന യോഗ തീരുമാനങ്ങൾ വിശദമാക്കുമോ; | (എ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി, ബഹു. കൃഷി വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 24.07.2018 ൽ ചേർന്ന യോഗം താഴെ പറയുന്ന തിരുമാനങ്ങൾ കൈകൊള്ളുകയുണ്ടായി.<br><br>1. സപ്ലൈകോയും മില്ലുകാരും തമ്മിലുണ്ടാക്കിയ കരാറിൽ പറഞ്ഞിരിക്കുന്ന ജോലികളിൽ ഏതൊക്കെ ജോലികൾ കർഷകർ ചെയ്യണം ഏതൊക്കെ മില്ലുകാർ ചെയ്യണം എന്നത് വ്യക്തത വരുത്തണം. അഥവാ കരാർ പ്രകാരം മില്ലുടമകൾ ചെയ്യേണ്ട ജോലികൾ പടവ് കമ്മിറ്റിക്കാരെക്കൊണ്ടോ, കൃഷിക്കാരെ ക്കൊണ്ടോ ചെയ്യിപ്പിക്കുന്നുണ്ടെങ്കിൽ അതിന് മില്ലുകാർക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന കൂലി പ്രസ്തുത ജോലി ചെയ്യുന്ന കർഷകർക്ക്/ പടവുകമ്മിറ്റിയ്ക്ക് നൽകേണ്ടതാണ്.<br>2. സീസൺ തുടങ്ങുന്നതിന് രണ്ടാഴ്ച മുമ്പായി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളുടെയും കർഷകരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ഒരു യോഗം ബഹു. മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വിളിച്ച് ചേർക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത യോഗ തീരുമാന പ്രകാരം കർഷകർക്ക് ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല എന്നത് | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| (സി) | മില്ലുകാർ നിർവ്വഹിക്കേണ്ട ജോലികൾ പാടശേഖര സമിതികളെ കൊണ്ടു ചെയ്യിക്കുകയും സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് നൽകാതിരിക്കുകയും ചെയ്യുന്ന മില്ലുടമകളിൽ നിന്ന് കർഷകർക്ക് തുക ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | മില്ലുകാർ നിർവ്വഹിക്കേണ്ട ജോലികൾ കർഷകരെക്കൊണ്ടും പാടശേഖര സമിതികളെക്കൊണ്ടും ചെയ്യിക്കുകയാണെങ്കിൽ പരാതി ലഭിക്കുന്നപക്ഷം ആയതിനുള്ള കൂലി കർഷകർക്കും പാടശേഖര സമിതികൾക്കും ബന്ധപ്പെട്ട മില്ലുകാരിൽ നിന്നും ഈടാക്കി നൽകുന്നതിന് സപ്ലൈകോ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ